"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചിലവായ തുക, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.**1624/2025/LSGD** തീയതി,തിരുവനന്തപുരം, **29-06-2025**

---

പരാമർശം:-

1. **06.03.2023** ലെ സ.ഉ.(സാധാ)**564/2023**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
2. **02.06.2023** ലെ സ.ഉ.(സാധാ)**1153/2023**/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.
3. **24.03.2025** ലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ /**PD/21677/2024-DPLC2** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ വെണ്മണി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറിയിൽ **08.02.2023** മുതൽ **31.03.2023** വരെ കുടിവെള്ളം വിതരണം നടത്തിയതിന് **9,56,432.40/-** രൂപയും **01.04.2023** മുതൽ **31.05.2023** വരെ കുടിവെള്ളം വിതരണം നടത്തിയതിന് **19,94,812.80/-** രൂപയും **01.06.2023** മുതൽ **07.06.2023** വരെ കുടിവെള്ളം വിതരണം നടത്തിയതിന് **2,22,826.40/-** രൂപയും ഉൾപ്പടെ **31,74,071/-** രൂപ ചെലവ് വന്നിട്ടുണ്ടെന്നും പ്രസ്തുത തുകയിൽ **16,50,000/-** രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നും ബാക്കി **15,24,011/-** രൂപ നല്കുവാനുണ്ടെന്നും വെണ്മണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം **1, 2** സർക്കാർ ഉത്തരവിൽ അധികരിച്ച് മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ **13,74,071/-** രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഭരണസമിതി തീരുമാനം, വാർഡ് മെമ്പർ പ്രസിഡന്റ് സെക്രട്ടറി എന്നിവർ ഒപ്പ് വച്ച പ്രതിദിന ട്രിപ്പ് ഷീറ്റ്, ജി.പി.എസ്. റിപ്പോർട്ട്, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ളവിതരണം ചെയ്തിട്ടുള്ള റിപ്പോർട്ട് എന്നിവ സഹിതം ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം **(3)** പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

**(2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ

വെൺമണി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ **08.02.2023** മുതൽ **30.05.2023** വരെയും **01.06.2023** മുതൽ **07.06.2023** വരെയും കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ **13,74,071/-** (പതിമൂന്ന് ലക്ഷത്തി എഴുപതിനാലായിരത്തി എഴുപത്തിയൊന്നു രൂപ മാത്രം) രൂപ , ചിലവ് ആധികാരികത വെൺമണി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശം **(1)** ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് വെൺമണി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHEEJA R S**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, വെൺമണി ഗ്രാമ പഞ്ചായത്ത് , ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്1/ ആഡിറ്റ് 2, കേരള,തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed byസെക്ഷൻ ഓഫീസർ
Shaija R M
Date: 30-06-2025 15:54:53